## പതിനാലാം കേരളനിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3213     13.03.2017 ൽ മറുപടിയ്ക്ക്

### വെണ്മണി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | 1996 ജൂലായ് മാസം 7-ാം തീയതി മുതൽ വെണ്മണി ഗ്രാമപഞ്ചായത്ത് ആഫീസിൽ താൽക്കാലിക പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി എൻ.ഭവാനിയെ, 2015 ഒക്ടോബർ 12-ാം തീയതിയിലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 6164 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കുമോ; | (എ) യും (ബി) യും | വെൺമണി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ശ്രീമതി. ഭവാനിയെ റഗുലറൈസ് ചെയ്ത് നിയമിക്കുന്നതിനും സ.ഉ (പി) 501/05/ധന, തീയതി 25.11.2005 ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ സഹിതം പ്രൊപ്പോസൽ ഉചിത മാർഗ്ഗേന സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം തന്നെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 17.2.2016-ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ